ഭരണഭാഷ – മാതൃഭാഷ

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

(ഹാജർ : ശ്രീ.ജോമോൻ കെ ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നം. ബി2- 165/2021/സി.ഇ തീയതി : 03/03/2023**

വിഷയം:– ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം – 1. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ആർ. പ്രേംലാലിന്റെ 02/11/2022 ലെ അപേക്ഷ.
2. ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 04/11/2022 ലെ ബി1/259/2022/എസ്.ഇ എന്ന കത്ത്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർവ്വഹണച്ചുമതല വഹിക്കുന്ന പ്രവൃത്തിയായ തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള മുട്ടത്തറയിലെ ഫ്ലാറ്റ് നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ പലതും ഒഴിഞ്ഞുകിടക്കുന്നതു നിമിത്തം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ മേൽ നോട്ടവും സമയബന്ധിത പൂർത്തീകരണവും തടസ്സപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. ആസ്ഥാനകാര്യാലയത്തിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ട്രേസറുടെ 2 തസ്തികയും രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാന്റെ ഒരു തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. ഈ സാഹചര്യത്തിൽ ഹാർബർ എഞ്ചിനീയറിംഗ് കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ആർ.പ്രേംലാൽ ഒന്നാം പരാമർശ പ്രകാരം സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷയും രണ്ടാം പരാമർശത്തിലെ ശിപാർശയും പരിഗണിച്ച് ചുവടെ ചേർക്കുന്ന സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ആർ. പ്രേംലാലിനെ ടിയാന്റെ അപേക്ഷ പരിഗണിച്ച് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.ആർ. പ്രേംലാൽ, രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (മേലധികാരി മുഖേന)

പകർപ്പ് :
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഉത്തരമേഖല മേഖല / ദക്ഷിണ മേഖല (ടിയാനെ ജോലിക്രമീകരണ നിയമനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതാണ്.)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കണ്ണൂർ ഡിവിഷൻ
3. ചീഫ് എഞ്ചിനീയറുടെ സി.എ
4. ഐ.റ്റി. സെൽ
5. ഈ കാര്യാലയത്തിലെ ബി3, ബി4, എ6 സെക്ഷനുകൾക്ക്.
6. സ്റ്റോക്ക് ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh

IT call 46